**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5064 15.11.2019 ലെ മറുപടിക്ക്**

**നാളികേര സംഭരണത്തിന് ഏർപ്പെടുത്തിയ സംവിധാനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | ശ്രീ.വി.എസ് സുനിൽകുമാർ<br>കൃഷി വകുപ്പ് മന്ത്രി |
| (എ) നാളികേര വികസനവുമായി ബന്ധപ്പെട്ട് സർക്കാർ നടപ്പാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (എ)കേര കൃഷിയുടെ വിസ്തീർണ്ണത്തിൽ കേരളം മുന്നിലാണെങ്കിലും പ്രതി ഹെക്ടർ നാളികേര ഉൽപ്പാദനം ദേശീയ ശരാശരിയേക്കാൾ താഴെയാണ്. നാളികേര വികസനത്തിനായി കഴിഞ്ഞ കാലങ്ങളിൽ നിരവധി പദ്ധതികൾ നടപ്പിലാക്കിയെങ്കിലും അവയൊന്നും യഥാർത്ഥ ഫലം കാണുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ കേര കൃഷിയുടെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിന് വേണ്ടി കേരകൃഷിയുടെ വിസ്തൃതി, നാളീകേരത്തിന്റെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളീകേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പ് വരുത്തുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 2018 മുതൽ 2028 വരെ നീളുന്ന പത്ത് വർഷത്തെ വികസന കാഴ്ചപ്പാടോടു കൂടി മിഷൻ മോഡ് മാതൃകയിൽ കൃഷി വകുപ്പ് മന്ത്രി ചെയർമാനായി സംസ്ഥാനതല ജനറൽ കൗൺസിൽ, എക്സിക്യൂട്ടീവ് കമ്മിറ്റി, ജില്ലാതല കൗൺസിൽ എന്ന ഘടനയിൽ നാളികേര വികസന കൗൺസിൽ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. വാർഡുതല ക്ലസ്റ്ററുകൾ, പഞ്ചായത്ത് തല കേര സമിതികൾ, ബ്ലോക്ക് തല ഫെഡറേഷനുകൾ എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി തെങ്ങു കൃഷി വ്യാപിപ്പിക്കുവാനും നിലവിലുള്ള തെങ്ങിൻ തോട്ടങ്ങളിൽ ഉൽപ്പാദന |

| | |
|---|---|
| | ക്ഷമത ഇല്ലാത്തതും പ്രായംചെന്നതും രോഗം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി അത്യുൽപ്പാദന ശേഷിയുളള തെങ്ങിൻതൈകൾ 3 ലക്ഷം ഹെക്ടർ സ്ഥലത്ത് നട്ടുപിടിപ്പിക്കുന്നതിനും തെങ്ങിന്റെ ഉൽപ്പാദന ക്ഷമത ഹെക്ടറിന് 6889 നാളികേരത്തിൽ നിന്നും 8500 നാളികേരമായി ഉയർത്തുവാനും ലക്ഷ്യമിടുന്നു.<br>കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ്, നാളികേര ഉൽപ്പാദക സൊസൈറ്റി/കമ്പനികളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന തെങ്ങിൻ തൈ ഉൽപ്പാദക കേന്ദ്രങ്ങളിലെ ഉൽപ്പാദനം വർദ്ധിപ്പിച്ചും ശാസ്ത്രീയ വിത്ത് തേങ്ങ സംഭരണം വിപുലപ്പെടുത്തിയും വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ചും ഗുണമേൻമയുള്ള തെങ്ങിൻ തൈകളുടെ ലഭ്യത ആവശ്യാനുസരണം എല്ലാ കർഷകർക്കും ഉറപ്പ് വരുത്തുന്നതിനുളള നടപടികൾ സ്വീകരിച്ച് വരുന്നു.നെടിയ ഇനം, കുറിയ ഇനം, സങ്കര ഇനം എന്നിവ 60:20:20 അനുപാതത്തിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. 10 വർഷം കൊണ്ട് ഇപ്രകാരം രണ്ട് കോടി തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. വിളവെടുപ്പിനും കീടരോഗ പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി നാളികേര കൃഷിയ്ക്ക് പ്രാമുഖ്യമുളള പഞ്ചായത്തുകളിൽ യുവതീയുവാക്കൾക്ക് പരിശീലനം നൽകുന്നതിനും കേര കർമ്മസേനകൾ രൂപീകരിക്കുന്നതിനും നിലവിലുളള കാർഷിക കർമ്മസേന അഗ്രോസർവ്വീസ് സെന്റർ എന്നിവയെ ശക്തിപ്പെടുത്തുന്നതിനുളള നടപടികൾ സ്വീകരിച്ചു വരുന്നു. സംയോജിത കീടരോഗ നിയന്ത്രണ പരിപാടികൾ ക്യാമ്പയിൻ അടിസ്ഥാനത്തിൽ നടത്തി വരുന്നു. 2019-20 സാമ്പത്തിക വർഷം സമഗ്ര നാളികേര വികസനത്തിനായി 1900 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

| | |
|---|---|
| | നാളികേര വികസന കൗൺസിലിന്റെ "കേരകേരളം സമൃദ്ധ കേരളം" എന്ന പദ്ധതി പ്രകാരം ഗുണമേൻമയുള്ളതും അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻ തൈകളുടെ വിതരണോദ്ഘാടനം 06.07.2019 ന് ബഹു മുഖ്യമന്ത്രി കോഴിക്കോട് ജില്ലയിൽ നിർവ്വഹിച്ചു.<br>കേര ഗ്രാമങ്ങളായി തെരഞ്ഞെടുക്കപ്പെട്ട 300 പഞ്ചായത്തുകളും കേരഗ്രാമങ്ങളില്ലാത്ത നിയോജക മണ്ഡലങ്ങളിലെ തെരഞ്ഞെടുത്ത 200 പഞ്ചായത്തുകളും ഉൾപ്പെടെ 500 പഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലും വാർഡ് ഒന്നിന് 75 തെങ്ങിൻ തൈ എന്ന നിരക്കിൽ കർഷകർക്ക് 50% സബ്സിഡിയോട് കൂടി തെങ്ങിൻ തൈകൾ വിതരണം ചെയ്തു വരുന്നു.<br>കോൾ നിലങ്ങളിലെ ബണ്ടുകളിൽ 3-4 മാസം പ്രായമുള്ള 15326 തെങ്ങിൻ തൈകൾ സൗജന്യമായി വച്ചു പിടിപ്പിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.<br>കോഴിക്കോട് വേങ്ങേരിയിലെ നഗര കാർഷിക മൊത്ത വ്യാപാര വിപണന കേന്ദ്രത്തിൽ നാളികേരവും അനുബന്ധ ഉൽപ്പന്നങ്ങളും വിപണനം നടത്തുന്നതിന് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു അഗ്രോപാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും കേരോൽപ്പന്നങ്ങളുടെ സംസ്കരണത്തിനും വിപണന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും വേണ്ടി കോഴിക്കോട് ജില്ലയിലെ കുത്താളി ഫാമിൽ ഒരു അഗ്രോ പാർക്ക് സ്ഥാപിക്കുന്ന നടപടികളും പുരോഗമിച്ചു വരുന്നു. അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ(SPV) ആയി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ നിയമിച്ചിട്ടുണ്ട്.<br>പൊതുമേഖലാ സ്ഥാപനമായ കേരഫെഡ് കേരവെളിച്ചെണ്ണ, ഡെസിക്കേറ്റഡ് കോക്കനട്ട്, കേര ചമ്മന്തിപ്പൊടി, കേര മിൽക്ക്, പൗഡർ, |

| | |
|---|---|
| | കേരജം, കേശാമൃത്,ഹെർബൽ ഓയിൽ മുതലായവ നിർമ്മിച്ച് ഇന്ത്യക്കകത്തും വിദേശത്തും വിപണനം നടത്തി വരുന്നു. കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനികൾ ഉൽപ്പാദിപ്പിക്കുന്ന നീര, നീര ഷുഗർ, നീര ലഡ്ഡു, നീര വിനീഗർ തുടങ്ങിയ ഉൽപ്പന്നങ്ങൾ നാളികേര വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ വിപണനം നടത്തി വരുന്നു.<br>സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനവിനും കർഷക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 2016 മുതൽ **"വൈഗ"** എന്ന അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിച്ചു വരുന്നുണ്ട്.<br>നാളികേരകൃഷിയുടെ വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന വ്യവസായ വകുപ്പിന്റെയും സംസ്ഥാന ആസൂത്രണ ബോർഡിന്റെയും ആഭിമുഖ്യത്തിൽ 2019 നവംബർ 2, 3 തീയതികളിൽ കോഴിക്കോട് വച്ച് അന്താരാഷ്ട്ര നാളികേര സമ്മേളനം സംഘടിപ്പിച്ചിരുന്നു.ആധുനിക കൃഷി രീതികൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കായുള്ള സാങ്കേതികതയുടെ വികാസം, സമകാലിക വാണിജ്യം, നാളികേര വികസനത്തിനായുള്ള സ്ഥാപന സൗകര്യങ്ങൾ ഒരുക്കൽ എന്നിവ മുഖ്യലക്ഷ്യങ്ങളാക്കിക്കൊണ്ട് ലോകത്തെ നാളികേരകൃഷി ചെയ്തുവരുന്ന പ്രമുഖ രാജ്യങ്ങളിലെ പ്രതിനിധികളെയും രാജ്യത്തിനകത്തു നിന്നുള്ള ശാസ്ത്രജ്ഞരെയും കർഷകരെയും സംരംഭകരെയും സ്ഥാപനങ്ങളെയും പങ്കെടുപ്പിച്ചു കൊണ്ട് ആശയവിനിമയത്തിനും ബിസിനസ് ടു ബിസിനസ് മീറ്റിനും അവസരം നൽകികൊണ്ട് കോക്കനട്ട് എക്സ്പോ സംഘടിപ്പിക്കുകയുണ്ടായി. |
| (ബി)നാളികേര സംഭരണത്തിന് കൃഷി വകുപ്പ് എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (ബി) കേരളത്തിലെ നാളികേര കർഷകരെ സഹായിക്കുന്നതിന് സംസ്ഥാനത്ത് പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുവാൻ തത്വത്തിൽ തീരുമാനം എടുക്കുകയും, കേരഫെഡിനെ |

| | |
|---|---|
| | പച്ചത്തേങ്ങ സംഭരണത്തിന്റെ സംസ്ഥാന തല നോഡൽ ഏജൻസിയായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പച്ചത്തേങ്ങയുടെ സംഭരണ വില കിലോയ്ക്ക് 25 രൂപയിൽ നിന്നും 27 രൂപയായി ഈ സീസണിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. |

ഡെപ്യൂട്ടി സെക്രട്ടറി